കേരള

ശാസ്ത്രസാഹിത്യ പരിഷത്ത്

ബഹുരാഷ്ട്രക്കുത്തകകളെ നിലയ്ക്കുനിറുത്തുക

ശാസ്ത്രഗീതങ്ങൾ

ജ്വാല

ഭോപാൽ

ദുരന്തമല്ല; കൂട്ടക്കൊലയാണ്!

– 1 –

യാങ്കികൾ പണ്ട ഹിരോഷിമയിൽ
ബോംബിട്ടാളെ കൊന്നില്ലേ
യാങ്കികൾ നമ്മളെ വിഷം നിറച്ചൊരു
ടാങ്കുകൾ ചോർത്തിക്കൊല്ലുന്നു!

– 2 –

എത്രയായിരമാളുകൾ ശ്വാസം
മുട്ടിമരിച്ചു ഭോപാലിൽ!
എത്രലക്ഷം പേരുടെ കണ്ണുകൾ
പൊട്ടിപ്പോയീ ഭോപാലിൽ!

– 3 –

രാസവിഷം കൊണ്ടാളെ കൊല്ലാൻ
പരീക്ഷണങ്ങൾ നടത്തുന്നു!
ഫോസ്ജീൻ മിക്ക വിഷംചുരത്തി
കുത്തക നമ്മെക്കൊല്ലുന്നു!

– 4 –

ദുരന്തമല്ലിതു കരുതിക്കൂട്ടിയ
കൊലപാതകമാണറിയേണം
അബദ്ധമല്ലിതു കൂട്ടക്കൊലയാ–
ണിതിന്റെ പിന്നിൽ കുത്തകകൾ!

– 5 –

നമുക്കനമ്മുടെ നാടിന്നനഷ്ടം
വിലതീരാത്ത മനുഷ്യന്മാർ
എന്താണവക്കനഷ്ടം മുതല–
ക്കണ്ണീർത്തുള്ളികളഞ്ചാറ്!

– 6 –

ചുടലക്കളമായ് തീർത്തു ഭോപാൽ
നഗരം യാങ്കികൾ കുത്തകകൾ
ഇന്ത്യക്കാരൻ ചത്തുമലച്ചാ–
ലെന്തിനു് യാങ്കികൾ കരയേണം

– 7 –

ജനമാണല്ലോ നമ്മുടെനാടിന്ന
വിലതീരാത്തൊരു സമ്പത്ത്
അവരുടെ ജീവൻകൊണ്ടു കളിക്കും
കളിയീനാടിന്നാപത്ത്!

– 8 –

കണ്ണിനുകണ്ണ് പല്ലിനുപല്ല്
ഞങ്ങൾ വരുന്നു ചോദിക്കാൻ!
കൊള്ളക്കാരെ കാപാലികരേ
നിങ്ങൾക്കിനിയും മാപ്പില്ല!

എത്ര മരിച്ചു? ആർക്കറിയാം!

– 9 –

മീതേഐസോസൈനേറ്റെന്നൊരു
ഭീകരവിഷമുണ്ടാക്കീടാൻ
യൂണ്യൻകാർബേഡെന്നൊരു കുത്തക
ഭോപാലിൽ പണ്ടെത്തുന്നു

– 10 –

നഗരത്തിന്റെ നടുക്കായിട്ടാ–
നരകം–ഫാക്ടറി പണിയുന്നൂ
നമ്മുടെ നേതാക്കന്മാർ 'നല്ലവർ'
സമ്മതമതിനുകൊടുക്കുന്നു!

– 11 –

നട്ടപ്പാതിരനേരം നഗരം
കട്ടിയിരുട്ടിലുറങ്ങുമ്പോൾ
മരണം ടാങ്കു തകർത്തുഭീകര
വിഷവാതകമായെത്തുന്നു!

– 12 –

എരിതീയായതു കണ്ണുതകർത്തു
പുകയായ്നെഞ്ചു പിളർത്തല്ലോ
ചുമയും ഛർദ്ദിയുമാരംഭിച്ചു
മലമൂത്രങ്ങൾ വിസർജ്ജിച്ചു!

– 13 –

ശ്വാസം കിട്ടാതോടിനടന്നോർ
കാലുകുഴഞ്ഞേ വീഴുന്നൂ!
വീണവർ വീണവർ കൈകാലടിച്ചു
വീണുമരിച്ചു വഴിവക്കിൽ!

– 14 –

എല്ലാവഴികളു മാസ്പത്രിയിലേ–
ക്കെല്ലാവരുമച്ചുടുകാട്ടിൽ!
കൊല്ലാക്കൊലയിതുപോലിനിമറ്റൊ–
ന്നില്ലാ ലോകചരിത്രത്തിൽ

– 15 –

സർക്കാരിൻെറ കണക്കിൽചത്തതു്
കൃത്യം മൂവായിരമത്രേ!
സത്യമതിൻെറ യനേകമിരട്ടികഠം
കൃത്യം പറയാനാക്കറിയും?

– 16 –

എത്രമരിച്ചെന്നാക്കറിയാ മിനി–
യെത്രമരിക്കും–ആക്കറിയാം
ഈയാം പാററകഠം പോലെ നമ്മുടെ
സോദരർ വീണുമരിച്ചല്ലോ

– 17 –

അബദ്ധമല്ലിതു കൂട്ടക്കൊലയാ–
ണിതിൻെറ പിന്നിൽ കുത്തകകഠം
അവക്കുമാപ്പില്ലലറി വരുന്നൂ
ജനകോടികളുടെ പ്രതികാരം!

– 18 –

കണ്ണിനു കണ്ണ് പല്ലിനുപല്ല്
ഞങ്ങഠം വരുന്നൂ ചോദിക്കാൻ
കാപാലികരെ രാക്ഷസരേയീ
കൂട്ടക്കൊലക്കുമാപ്പില്ല!

ഭരണക്കാരും കുററവാളികളാണ്!

– 19 –

വിഷമുണ്ടാക്കും ഫാക്ടറി ഭോപാൽ
നഗരത്തിൻെറ നടുക്കായി
പണിയാനനുമതിയേകിയഭരണ–
ക്കാരനുമിവിടെ മാപ്പില്ല!

— 20 —

വിഷമുണ്ടാക്കാൻ യാങ്കികളെന്തി–
ന്നിവിടേക്കെത്തുന്നറിയാമോ?
വിഷമുണ്ടാക്കാനവരുടെ നാട്ടിൽ
അനുമതിയില്ലെന്നറിയാമോ?

— 21 —

അവരുടെനാട്ടിലമേരിക്കായിൽ
വികസിതരാഷ്ട്രം കൃനഡായിൽ
അനുമതികിട്ടില്ലനുമതികിട്ടി–
ല്ലവർക്ക ജീവൻ വലുതാണ്!

— 22 —

ഒരു രാജ്യത്തും സർക്കാരനുമതി
തരുകില്ലെന്നു വരുന്നേരം
ഫാക്ടറിപേറി വരുന്നു, വികസ്വര
രാഷ്ട്രം തേടിക്കരത്തക്കർ!

— 23 —

ജീവനുവിലയില്ലാത്തോരല്ലേ
ഭാരതഭൂവിൽ പെരുകുന്നു
നമ്മുടെ നാട്ടിൽ ഭരണക്കാരോ
സമ്മതമേതിനുംകൊടുക്കുന്നു!

— 24 —

ഇവരു പിടഞ്ഞു മരിച്ചാലാർക്കെ–
ന്തനുമതിനൽകിയതുന്യായം
അറുകൊലയാങ്കികൾ കെട്ടിയുയർത്തീ
വിഷമുണ്ടാക്കും വ്യവസായം!

– 25 –

പട്ടിണിനാടുകളെന്നും പേറാൻ
പേറും നാടുകളാണല്ലോ
വിഷമാണെങ്കിൽ വിഷമീനാട്ടിൽ
തൊഴിലുണ്ടാവുകയാണല്ലോ!

– 26 –

അബദ്ധമല്ലിതു കൂട്ടക്കൊലയാ
ണിതിൻെറ പിന്നിൽ കുത്തകകൾ
അവർക്കുമാപ്പില്ലലറിവരുന്നൂ
ജനകോടികളുടെ പ്രതികാരം!

– 27 –

കണ്ണിനു കണ്ണ് പല്ലിനു പല്ല്
ഞങ്ങൾ വരുന്നൂ ചോദിക്കാൻ
കൊള്ളക്കാരെ കാപാലികരെ
നിങ്ങൾക്കിനിയും മാപ്പില്ല.

കുററവാളികൾക്കു മാപ്പില്ല

– 28 –

എന്തിനു കൊന്നൂ കാപാലികരെ
നിങ്ങൾ ഞങ്ങടെ സോദരരെ–
ഞങ്ങടെ മക്കളെ യമ്മമാരെ–
ഞങ്ങടെയെല്ലാമായവരെ

– 29 –

എട്ടും പൊട്ടും തിരിയാത്തവര–
ക്കുട്ടികളെന്തേകാണിച്ചു?
വീട്ടിലുറങ്ങിക്കിടന്നപാവം
നാട്ടാരെന്തേ പിഴചെയ്തു?

– 30 –

ഇല്ല മറക്കില്ലിക്കൊലപാതക–
മിന്ത്യമറക്കാൻ പോണില്ല.
ഇല്ല സഹിക്കില്ലി കൂട്ടക്കൊല–
യയ്യോ ഞങ്ങൾ സഹിക്കില്ല

– 31 –

അറിയാമീനര മേധത്തിന്നരു
നിന്നോരുണ്ടീരാജ്യത്ത്
വെറുതെവിടില്ലിദ്രോഹത്തിന്നവർ
മറുപടി തന്നേ മതിയാവൂ

– 32 –

അർജ്ജുനസിംഗിക്കാര്യം കേട്ടൊരു
ഞെട്ടലുഞെട്ടിപ്പോയത്രെ
ഞെട്ടാനെത്രയെളുപ്പം തിരിച്ചു
കിട്ടാത്തൊന്നാണീ നഷ്ടം

– 33 –

അപകടമുണ്ടാവില്ല സുരക്ഷിത
നടപടിയെല്ലാമുണ്ടെന്ന്
എം. എൽ. എ. മാക്കുറപ്പുനൽകിയ
മന്ത്രിവിയോഗിയുമിന്നെവിടെ?

– 34 –

അറസ്റ്റുചെയ്യപ്പെട്ടകാർബേഡ്
ചെയർമാൻ സംഗതിയറിയാമോ?
കള്ളനെരക്ഷിക്കാനായ് ഭരണ–
ക്കാരു നടത്തിയൊരൊത്തുകളി!

– 35 –

അറിയാം ഞങ്ങരംക്കീക്കരുതിക്കരു
നിന്നവരുണ്ടീരാജ്യത്ത്
പകരംചോദിക്കാനീ ഭാരത–
മക്കരം വരുന്നൂ സൂക്ഷിച്ചോ.

– 36 –

എഴപത്തുകോടി ജനങ്ങളുമൊന്നി–
ച്ചെഴന്നേൽക്കുന്നൂ ചോദിക്കാൻ
കരുതിയിരുന്നോ കാപാലികരെ–
പ്രതികാരപ്പടവരവായീ!

കാർബേഡിന്റെ കഥ

– 37 –

ഈ നൂററാണ്ടിന്നാദിയിലവരീ
ഭാരതഭൂമിയിൽ വന്നെത്തി
അന്നവർ നേടിയ നേട്ടം കേവല–
മഞ്ഞൂറുറുപ്പിക പ്രതിവർഷം

– 38 –

മുന്നൂറോളം കോടിയുറുപ്പിക–
യിന്നവർ നേടുന്നാദായം
ഓരോവർഷവുമവരീനാട്ടി–
ന്നുണ്ടാക്കീടുന്നാദായം!

– 39 –

നമ്മുടെ തിണ്ണയിലിരുന്നുകൊണ്ടാ–
ണുണ്ടാക്കുന്നതുകുത്തകകരം
നമ്മുടെ തിണ്ണയിലല്ലോ വില്പന
ലാഭം കടലുകടത്തുന്നു.

– 40 –

ഇന്ത്യയിൽ വന്നവരുണ്ടാകുന്നു
ഇന്ത്യക്കാരനുവിശ്ലുന്നു
ഓരോ വർഷവുമവക്കുകിട്ടും
ലാഭം കടലുകടത്തുന്നു!

– 41 –

നമ്മുടെ നാടിൻ സമ്പത്താണീ
കൊള്ളക്കാരുടെയാദായം
പട്ടിണിയാണുനമുക്കു്, അവർ നമ്മുടെ
രക്തം കൊണ്ടുതടിക്കുന്നു.

– 42 –

ഞങ്ങറം ശരിക്കുമറിഞ്ഞു നിങ്ങടെ
കൊള്ളരഹസ്യം യാങ്കികളെ
പുറത്തുപോവുകഭാരതമണ്ണിൽ
പിടിച്ചുനില്ക്കാൻ നോക്കേണ്ട

– 43 –

കണ്ണിനുകണ്ണു് പല്ലിനുപല്ലു്
ഞങ്ങറം വരുന്നു ചോദിക്കാൻ
കാപാലികരേ രാക്ഷസരേയീ
ക്കൂട്ടക്കൊലക്കു മാപ്പില്ല

ഈ കൂട്ടക്കൊല ഒഴിവാക്കാമായിരുന്നില്ലേ?

– 44 –

കീടനാശിനിഫാക്ടറിയിവിടെ
പാടില്ലെന്നു പറഞ്ഞുനാം

എഴുപത്തഞ്ചിൽ പക്ഷേ നമ്മുടെ
സർക്കാരനുമതിനൽകീലേ.

– 45 –

എഴുപത്തഞ്ചിലുമെഴുപത്തെട്ടിലു-
മെൺപത്തൊന്നിലുമുണ്ടായീ
അപകടമരണം പക്ഷേസർക്കാർ
അറിയില്ലെന്നുനടിച്ചില്ലേ

– 46 –

ഗതികെട്ടൊടുവിൽ നിയമക്കോടതി
നടയിൽ ചെന്നു പരാതിയുമായ്
അവിടെയുമെന്തോകാരണമക്കേസ്
ഫയലിൽപോലുമെടുത്തില്ല.

– 47 –

ഇതിൻെറയെല്ലാം ഫലമാണിന്നീ
കൂട്ടക്കൊലയെന്നറിയേണം
ഇന്ത്യക്കാരൻ ചത്തുമലച്ചാ-
ലെന്തിനുയാങ്കികൾ കരയേണം?

തീർന്നെന്നു കരുതേണ്ട;
നാം ഇപ്പോഴും മരണത്തിൻെറ
വക്കത്താണ്

– 48 –

അപകടമേഖലകേരളമണ്ണിലു-
മനവധിയാണെന്നറിയേണം
ഇവിടുണ്ടല്ലോ വിഷംവമിക്കാൻ
കഴിവേറും വ്യവസായങ്ങൾ

– 49 –

മാവൂരുണ്ടൊരു പൾപ്പുഫാക്ടറി
സാബൂനത്തുകൊണ്ടാദായം
കൂടുതൽ കൂടുതൽ ലാഭം കിട്ടാ–
നാളെക്കൊല്ലുന്നന്യായം

– 50 –

വാഴക്കാടും പരിസരവും വിഷ
ബാധയിലയ്യോ തകരുന്നൂ
കോടികൾ കോടികൾ സ്വന്തം കീശയിൽ
നേടും ബിർള തടിക്കുന്നൂ

– 51 –

ബിർളതടിക്കാൻ ബിർളകൊഴുക്കാൻ
വാഴക്കാടുനശിക്കണമോ
മാറാവ്യാധികളേറ്റിനടക്കും
പുത്തൻ തലമുറവളരണമോ

– 52 –

വെള്ളൂർ പുനലൂർ ഫാക്ടറി മർത്ത്യനെ–
യിഞ്ചിഞ്ചായി കൊല്ലുന്നൂ
ആരുമരിച്ചാലെന്തീകുത്തക
ലാഭം മാത്രം നോക്കുന്നൂ

– 53 –

ലാഭം കൂടുതൽ ലാഭമിതൊന്നാ–
ണവരുടെ ലക്ഷ്യം കൊള്ളക്കാർ
അവർക്കുവേണ്ടും സൗകര്യങ്ങൾ
ഒരുക്കിടുന്നൂ ഭരണക്കാർ

– 54 –

തെരഞ്ഞെടുത്തോർ നേതാക്കന്മാർ
രണത്തിൻെറ തലപ്പത്തു്
അവരെ നിയന്ത്രിക്കും ബഹുരാഷ്ട്ര–
കുത്തകപ്പിന്നിലിരുട്ടത്തു്

– 55 –

ഇനിയും നമ്മുടെ നാട്ടിൽ കുത്തക
വാഴാൻ അനുമതിനൽകില്ല
എഴുപതുകോടി ജനങ്ങളുമൊന്നി–
ച്ചെഴുന്നേല്ക്കുന്നു ചോദിക്കാൻ

– 56 –

കണ്ണിനുകണ്ണു് പല്ലിനുപല്ലു്
ഞങ്ങൾ വരുന്നു ചോദിക്കാൻ
എഴുപതുകോടി ജനങ്ങളുമൊന്നി–
ച്ചെഴുന്നേല്ക്കുന്നു ചോദിക്കാൻ

കുത്തകകളെ നാടുകടത്തുക

– 57 –

ഇഞ്ചിഞ്ചായിട്ടാളേകൊല്ലും
കീടനാശിനി വ്യവസായം
പരിസരമലിനീകരണംകൊണ്ടീ–
നാടുമുടിക്കണവ്യവസായം

– 58 –

ബ്രാററി ഫൗണ്ടറിയാൽക്കലിയാസിഡ്
റബ്ബർ സിമൻറ് ആസ്ബസ്റ്റോസ്
കീടനാശിനിലോഹംകടലാസ്
രാസവളങ്ങൾ ചായങ്ങൾ

– 59 –

പതിനെട്ടോളം വ്യവസായങ്ങൾ
അപകടകാരികളുണ്ടിവിടെ
കൂട്ടക്കൊലകൾ നടത്തി സമ്പ–
ത്തുണ്ടാക്കുന്നു കുത്തകകൾ!

– 60 –

ഇന്ത്യയിലിവരുടെ വ്യവസായങ്ങൾ
കണ്ടുകെട്ടുകസർക്കാരേ
അവരുടെയാസ്തികൾ സമ്പത്തെല്ലാം
പൊതുമുതലാക്കുകസർക്കാരേ

– 61 –

ലാഭം കടലുകടത്താനിനിയും
മോഹിക്കേണ്ടീ കൊള്ളക്കാർ
വ്യവസായത്തിൻ പേരുപറഞ്ഞീ
ചൂഷണമിനിയും പററില്ല

– 62 –

കിട്ടണമെല്ലാ മരണങ്ങൾക്കും
ദുരിതങ്ങൾക്കും പരിഹാരം
കിട്ടണമല്ലോ കണക്കുതീർത്തീ
നഷ്ടം നാടിനുയാങ്കികളെ

– 63 –

എഴുപതുകോടിജനങ്ങളുമൊന്നി–
ച്ചെഴുന്നേല്ക്കുന്നു ചോദിക്കാൻ
കണ്ണിനുകണ്ണ് പല്ലിനുപല്ല്
ഞങ്ങൾ വരുന്നൂ ചോദിക്കാൻ

– 64 –

ഭോപ്പാൽ ദുരന്തമയ്യോ വെറുമൊരു
ഫാക്ടറിയപകടമല്ലല്ലോ
അവിചാരിതമല്ലബദ്ധമല്ലിതു
ചെറുതായ് കണ്ടാലാപത്ത്

– 65 –

മൂന്നാംചേരികളിന്ത്യയെയവരുടെ
നേതാവായിയെടുത്തപ്പോൾ
സാമ്രാജ്യത്വം വിറളിപിടിച്ചതു
സ്വാഭാവികമാണോർക്കേണം

– 66 –

ഖാലിസ്ഥാനവർ പിന്തുണനൽകീ
കാശ്മീർപ്രശ്നം വലുതാക്കി
പാക്കിസ്ഥാനും ലങ്കക്കും അവർ
കൂട്ടിനുനിന്നു നില്ക്കുന്നു!

– 67 –

ദീഗോഗാർഷ്യയിലണുയുദ്ധത്തിനു
നേവൽ ബേസവരുണ്ടാക്കി–
കെമിക്കൽ വെപ്പൺകൊണ്ടൊരുയുദ്ധം
കണക്കുകൂട്ടിയിരിക്കുന്നു.

– 68 –

രാസവിഷത്തിൻ മാരകശക്തി
പരീക്ഷിച്ചറിയാൻ ഭോപാലിൽ
പലതുംചെയ്തു, ഗിനിപ്പന്നികളാ–
ണവരുടെ കണ്ണിൽ നാമൊക്കെ.

– 69 –

പവിത്രമാമീഭാരതഭൂവിൽ
പരീക്ഷണങ്ങൾ നടത്തുന്നു
മനുഷ്യനെ കൊലചെയ്യും ഭീകര
പരീക്ഷണങ്ങൾനടത്തുന്നു

അരുത് കാട്ടാളാ അരുത്

– 70 –

അരുത് അരുത് ചെയ്യരുത്
ചെയ്യരുതാത്തതു ചെയ്യരുത്
വ്യവസായങ്ങൾ വേണം പക്ഷേ
വിഷമീനാട്ടിൽ വിളമ്പരുത്
തൊഴിലെല്ലാർക്കും വേണംപക്ഷേ
മററുള്ളോരെ കൊല്ലരുത്

– 71 –

പരിസ്ഥിതിക്കുകുഴപ്പം ചേർക്കും
വികസനമിവിടെ നടത്തരുത്
കൂട്ടക്കൊലകൾ നടത്തുംഫാക്ടറി
നാട്ടിന്നാപത്തരുതരുത്

– 72 –

പവിത്രമാമീഭാരതമണ്ണിൽ
പരീക്ഷണങ്ങൾ നടത്തരുത്
മനുഷ്യജീവനുവിലയില്ലാത്തൊരു
പരീക്ഷണങ്ങൾ നടത്തരുത്

– 73 –

വ്യവസായത്തിൻ പേരുപറഞ്ഞീ
കുത്തകനാടുമുടിക്കരുത്
കുത്തകകൊട്ടണതാളം തുള്ളണ
വിഡ്ഢികൾ നാടുഭരിക്കരുത്

– 74 –

കാർബൈഡിന്റെ ഉല്പന്നങ്ങൾ
ബഹിഷ്ക്കരിക്കുകനാട്ടാരെ
എവറെഡി ബാററി ലൈററുകളെല്ലാം
ബഹിഷ്ക്കരിക്കുക നാട്ടാരെ

– 75 –

മൾട്ടീനാഷണലുണ്ടാക്കും
ഉല്പന്നങ്ങളുപേക്ഷിക്കു
കച്ചവടക്കാർ ഉല്പന്നങ്ങൾ
വില്ക്കരുത് നാം വാങ്ങരുത്

– 76 –

എഴുപതുകോടിയുമൊററക്കെട്ടായ്
അലറീടുന്നു വഞ്ചകരേ
ഒരൊററ നിമിഷം നില്ക്കരുതിവിടെ
പുറത്തുപോകുരാക്ഷസരേ

❋❋❋❋